**കേരള സർക്കാർ**

**ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്**

ഇൻഫർമേഷൻ ഓഫിസ്, കേരള ഹൗസ്, ന്യൂഡൽഹി - 110001

---

**24/03/2023**

**പത്രക്കുറിപ്പ്**

# മുഖ്യമന്ത്രി ട്രാവൻകൂർ പാലസ് സന്ദർശിച്ചു

ന്യൂഡൽഹി: മുഖ്യമന്ത്രി പിണറായി വിജയൻ നവീകരണം നടക്കുന്ന ഡൽഹിയിലെ ട്രാവൻകൂർ പാലസ് സന്ദർശിച്ചു. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ പാലസിന്റെ നവീകരണം പൂർത്തിയാകുന്ന സാഹചര്യത്തിലാണ് മുഖ്യമന്ത്രിയുടെ സന്ദർശനം. സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ സാംസ്കാരിക കേന്ദ്രമാക്കാനാണ് ഉദ്ദേശിക്കുന്നത്. സെമിനാർ ഹാൾ, കോൺഫറൻസ് റൂം, ആർട്ട് ഗ്യാലറികൾ, കഫറ്റേറിയ, ലൈബ്രറി റൂം, ആംഫി തിയേറ്റർ, ഔട്ട്ഡോർ എക്സിബിഷൻ ഏരിയ എന്നിവ ഏകദേശം പൂർത്തിയായി. ഇവയുടെ നിർമ്മാണ പുരോഗതിയും ട്രാവൻകൂർ പാലസിന്റെ പഴയ ദൃശ്യങ്ങളും നവീകരിക്കപ്പെട്ട ദൃശ്യങ്ങളും മുഖ്യമന്ത്രി വിലയിരുത്തി. ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ ക്രമീകരണങ്ങളും ആർട്ട് ഗ്യാലറിയിലെ ക്രമീകരണങ്ങളും പൂർത്തിയായി വരുന്നു. രാജ്യത്തിന്റെ പൈതൃകപട്ടികയിൽ ഉൾപ്പെട്ട കെട്ടിടമാണ് കേരള സംസ്ഥാനം രൂപീകൃതമായപ്പോൾ സംസ്ഥാനത്തിന് കൈമാറിയ ട്രാവൻകൂർ പാലസ്. ചീഫ് സെക്രട്ടറി വി.പി. ജോയ്, റസിഡന്റ് കമ്മീഷണർ സൗരഭ് ജെയിൻ, കേരള ഹൗസ് കൺട്രോളർ സി.എ. അമീർ എന്നിവരും മുഖ്യമന്ത്രിയോടൊപ്പം ഉണ്ടായിരുന്നു.